ബോട്ട് ദുരന്തങ്ങളെക്കുറിച്ച് അന്വേഷിക്കുന്ന കമ്മീഷനുകൾ

11 (3514) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോട്ട് ദുരന്തങ്ങളെക്കുറിച്ച് അന്വേഷിക്കുന്ന കമ്മീഷനുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ബോട്ട് ദുരന്തങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങളാണ് നടന്ന് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര അന്വേഷണ റിപ്പോർട്ടുകൾ ഇപ്പോൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) അന്വേഷണ കമ്മീഷനുകളുടെ ശിപാർശകൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്മീഷനുകളുടെ ഏതെല്ലാം ശിപാർശകളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാന ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് ബോട്ട് ദുരന്തങ്ങളെക്കുറിച്ചുള്ള അന്വേഷണ കമ്മീഷനുകളൊന്നും തന്നെ ഇപ്പോൾ നിലവിലില്ല. കൊച്ചിൻ കോർപ്പറേഷൻ നേരിട്ട് സർവ്വീസ് നടത്തിയ ഫോർട്ട് കൊച്ചി ബോട്ട് അപകടവുമായി ബന്ധപ്പെട്ട് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൗത്ത് സോൺ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ. പത്മകുമാറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.

(സി) ഉണ്ട്. സംസ്ഥാന ജലഗതാഗത വകുപ്പിന്റെ എ. 56-ാം നമ്പർ ബോട്ട് അപകടവുമായി (കുമരകം ബോട്ട് ദുരന്തം) ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട ബഹു. ജസ്റ്റിസ് നാരായണകുറുപ്പ് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ജലഗതാഗത വകുപ്പിൽ കാലപ്പഴക്കം ഉള്ള ബോട്ടുകൾക്ക് പകരം പുതിയ ബോട്ടുകൾ ഘട്ടംഘട്ടമായി മാറ്റി വരുന്നു. നിലവിലുള്ള ബോട്ടുകളെല്ലാംതന്നെ തുറമുഖ വകുപ്പിന്റെ സർവ്വേയറുകൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയാണ് സർവ്വീസ് നടത്തി വരുന്നത്. തേക്കടി ബോട്ടപകടവുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട മൊയ്തീൻ കുഞ്ഞ് കമ്മീഷന്റെ റിപ്പോർട്ട് ടൂറിസം വകുപ്പിന്റെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly